# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

# കരട് രേഖ

## നിർദ്ദിഷ്ട അഴിക്കോട്–മുനമ്പം പാലത്തിൻെറ അഴീക്കോട് ഭാഗത്ത് അനുബന്ധ റോഡ് നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ

**ആഗസ്റ്റ് 14, 2018**

അർത്ഥനാധികാരി

## PWD (റോഡ്സ്) ചെമ്പൂക്കാവ്, തൃശ്ശൂർ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്

**രാജഗിരി ഔട്ട്റീച്ച്**
**രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്**
**രാജഗിരി. പി.ഒ., കളമശേരി**
**പിൻ: 683 104**
**ഫോൺ: 0484 2911111 – 332**

# ഉള്ളടക്കം

**അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2. സ്ഥലം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതിയുടെ പശ്ചാത്തലം

2.2. പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പശ്ചാത്തലം

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രവും സാങ്കേതിക രീതിയും

3.3 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

4.2 പദ്ധതിയ്ക്കാവശ്യമായഭൂമി

4.3 ആഘാതബാധിതമാകുന്ന പൊതു ഭൂമിയുടെ ഉപയോഗം

4.4 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്ന ഭൂമി

4.5. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും

4.6. ഉടമസ്ഥതയുടെ രീതി

4.7. സമീപകാലത്തെ ഭൂമി കൈമാറ്റവും ഭൂമി വിലയും

## അദ്ധ്യായം 5:കണക്കാക്കലും ഗണനവും

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.2. ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.3. സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണത്തെക്കുറിച്ച് അർത്ഥനാധികാരിയുടെ വിശദീകരണം

5.4. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പ്രവർത്തനങ്ങൾ

## അദ്ധ്യായം 6 : സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി സ്ഥാപന സംവിധാനം

6.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

## അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

7.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

7.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

7.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

## അദ്ധ്യായം 8 : സാമൂഹ്യപ്രത്യഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

8.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

8.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

8.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

## പട്ടികകൾ


പട്ടിക 1.3.1. ഭൂമി ഏറ്റെടുക്കലിന്റെ വ്യാപ്തി

*പട്ടിക 1.5.1.* സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനം

*പട്ടിക 3.3.1.* പഠന സംഘം

പട്ടിക 4.1.1 പ്രത്യക്ഷ ആഘാതത്തിന്റെ വിവരങ്ങൾ

പട്ടിക 5.1.1 പ്രത്യാഘാതബാധിത കുടുംബങ്ങൾ

പട്ടിക 5.1.2. പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരായ കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ

പട്ടിക 5.1.3 പ്രത്യക്ഷ ആഘാതബാധിതരായ ജനങ്ങളുടെ വൈവാഹികാവസ്ഥ

പട്ടിക 5.1.4 പ്രത്യക്ഷ ആഘാതബാധിതരായ കുടുംബങ്ങളുടെ മതം

പട്ടിക 5.2.1. ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഭാരതത്തിലെ ഗ്രാമങ്ങളുടെ വികസനം നടന്നുകൊണ്ടിരിക്കുന്ന ഇന്നിൻെറ ഒരു ആവശ്യകതയാണ് ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ഗ്രാമങ്ങളുടെ ഒറ്റപ്പെടൽ ലഘൂകരിക്കുക എന്നത്. നദികളും പർവ്വതങ്ങളും താഴ്വരകളും ജനങ്ങളുടെ സുഗമമായ സഞ്ചാരത്തിനും ഗതാഗതത്തിനും വിഘാതങ്ങളായ് കാണപ്പെടുന്നു. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം ഗ്രാമങ്ങളെ തൊട്ടടുത്ത നഗരങ്ങളുമായും മറ്റ് പ്രദേശ ങ്ങളുമായും ബന്ധിപ്പിക്കും. കൂടാതെ ജനങ്ങളുടെ സഞ്ചാരം വേഗത്തിലാക്കുവാൻ കഴിയു ന്നതുമൂലം സാമൂഹിക - സാമ്പത്തിക വികസനം സാധ്യമാകും. ആയതിനാൽ പാല ങ്ങളുടെ നിർമ്മാണം ഒരു സമൂഹത്തിൻെറ വികസനവുമായി അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുന്നു.

മുനമ്പം കായലിനു കുറുകേ നിർമ്മിക്കുവാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട മുനമ്പം–അഴീക്കോട് പാലം തൃശൂർ ജില്ലയിലെ കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന അഴീക്കോടിനെയും എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മുനമ്പത്തെയും തമ്മിൽ ബന്ധിപ്പിക്കും. പ്രസ്തുത പദ്ധതിയ്ക്ക് 10/07/2017 തീയതിലെ GO(Rt)No.942/2017/PWDTVM പ്രകാരം ആദ്യ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കുഴുപ്പിള്ളി വില്ലേജിലെ മുനമ്പം പ്രദേശത്തെ 20.99 ആർ സ്ഥലവും അഴീക്കോട് വില്ലേജിലെ അഴീക്കോട് പ്രദേശത്തെ 24.05 ആർ സ്ഥലവും നിർദ്ദിഷ്ട പാലത്തിൻെറ അനുബന്ധ റോഡ് നിർമ്മാണത്തിന് ആവശ്യമായ് വരുന്നു.

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ ഉൾപ്പെട്ട എറിയാട് ഗ്രാമപഞ്ചായത്തിലെ ഒരു തീരപ്രദേശമാണ് അഴീക്കോട്. കേരളത്തെ അന്തർദേശീയ വ്യാപാരമേഖലയുമായ് ബന്ധിപ്പിക്കുന്ന പ്രധാന തുറമുഖങ്ങളിലൊന്നാണ് അഴീക്കോട്. കൂടാതെ ചരിത്രപരമായും സാംസ്കാരികപരമായും വളരെയേറെ പ്രാധാന്യമുള്ള ഒരു പ്രദേശമാണിവിടം. ക്രിസ്തുമത പ്രചാരണാർത്ഥം കേരളത്തിലെത്തിയ

സെൻറ്.തോമസ് കൊടുങ്ങല്ലൂരിനടുത്ത പഴയ മുസരിസ് തുറമുഖത്ത് കപ്പലിറങ്ങിയതായ് വിശ്വസിച്ചുപോരുന്നു. അദ്ദേഹം സ്ഥാപിച്ച ഏഴര പള്ളികളിലൊന്ന് കൊടുങ്ങല്ലൂരിലാണ്. കൂടാതെ പുരാതനമായ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം, ചരിത്രപ്രധാനമായ ചേരമാൻ ജുമാമസ്ജിദ് എന്നിവയും കൊടുങ്ങല്ലൂരിലുണ്ട്. പ്രസിദ്ധമായ ചെറായി, അഴീക്കോട് ബീച്ചുകളിലേയ്ക്കും തീർത്ഥാടനകേന്ദ്രങ്ങളായ മാർത്തോമ ദേവാലയം, ചെട്ടിക്കാട് പള്ളി, ചേരമാൻ മസ്ജിദ്, കൊടുങ്ങല്ലൂർ ദേവി ക്ഷേത്രം, പള്ളിപ്പുറം കോട്ട എന്നിവിടങ്ങളിലേയ്ക്കും എളുപ്പത്തിൽ എത്തിച്ചേരുവാനാകും എന്നതിനാൽ നിർദ്ദിഷ്ട പാലത്തിൻെറ നിർമ്മാണം വിനോദസഞ്ചാരമേഖലയെ അഭിവൃദ്ധിപ്പെടുത്തും. ഗോശ്രീ പാലം മുഖേന എറണാകുളം നഗരവുമായ് ബന്ധപ്പെട്ട് കിടക്കുന്ന വൈപ്പിൻകര ദ്വീപിലെ ഒരു പ്രധാന പ്രദേശമായ മുനമ്പത്തിനും തൃശൂർ ജില്ലയിലെ അഴീക്കോടിനുമിടയിലുള്ള ഗതാഗതം സുഗമമാകുന്നതിലൂടെ രണ്ട് പ്രദേശങ്ങളിലെയും വ്യാപാരവും ടൂറിസവും മെച്ചപ്പെടുകയും അത് വഴി പ്രദേശങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് വഴിതെളിക്കുകയും ചെയ്യും.

ജെട്ടിയുടെ പുനർനിർമ്മാണം നടക്കാത്തതിനാൽ മുനമ്പം കായൽ കടക്കുവാനായ് ഉപയോഗിച്ചുകൊണ്ടിരുന്ന അഴീക്കോട് മുസ്രിസ് ജങ്കാർ സർവ്വീസ് തടസ്സപ്പെട്ടിരിക്കുന്നു. നിലവിൽ കായൽ കടക്കുന്നതിന് കടത്ത്ബോട്ടിനെയാണ് ആശ്രയിക്കുന്നത്. മഴക്കാലത്ത് ഈ ചെറിയ ബോട്ടിൽ കായൽ കടക്കുക ദുഷ്ക്കരമാണ്. മുനമ്പം കായലിനു കുറുകെ പാലം നിർമ്മിക്കുന്നതിലൂടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരമാകും. വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയിലൂടെയും പുതിയ തീരദേശ പാതയിലൂടെയും എളുപ്പത്തിൽ കൊച്ചി നഗരത്തിലേയ്ക്ക് പ്രവേശിക്കുവാനാകും എന്നതിനാൽ നിർദ്ദിഷ്ട അഴീ ക്കോട്-മുനമ്പം പാലം വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് ഒരു അനുഗ്രഹമാകും.

### 1.2. സ്ഥലം

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ ഉൾപ്പെട്ട എറിയാട് ഗ്രാമപഞ്ചായത്തിലെ ഒരു തീരപ്രദേശമാണ് പദ്ധതിപ്രദേശമായ അഴീക്കോട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങൾ എറിയാട് ഗ്രാമപഞ്ചായത്തിലെ 15 ഉം 16 ഉം വാർഡുകളിൽ പെടുന്നു.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

മുനമ്പം-അഴീക്കോട് പാലത്തിന് അഴീക്കോട് ഭാഗത്ത് അനുബന്ധറോഡ് നിർമ്മിക്കുവാനായ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത് 428, 429, 430, 196 എന്നീ റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 0.2405 ഹെക്ടർ സ്ഥലമാണ്. റവന്യൂ രേഖ പ്രകാരം പ്രസ്തുത സ്ഥലങ്ങളെല്ലാം "പുരയിടം" വിഭാഗത്തിൽ പെടുന്നു

***പട്ടിക 1.3.1. ഭൂമി ഏറ്റെടുക്കലിൻെറ വ്യാപ്തി***

| ക്രമ നമ്പർ | റീസർവ്വെ/സബ്ഡിവിഷൻ നമ്പർ | ഏകദേശ അളവ് ഹെക്ടറിൽ |
|---|---|---|
| 1 | 428/2 ഭാഗം | 0.0530 |
| 2 | 429/2 ഭാഗം | 0.1380 |
| 3 | 429/3 ഭാഗം | 0.0215 |
| 4 | 430/2 ഭാഗം | 0.0110 |
| 5 | 196/2 ഭാഗം | 0.0110 |
| 6 | 196/3 ഭാഗം | 0.0060 |
| | ആകെ | 0.2405 |

## 1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പ്രസ്തുത പ്രദേശത്ത് തന്നെ പാലം നിർമ്മിക്കുന്നതിനാൽ അനുബന്ധ റോഡ് നിർമ്മാണത്തിന് മറ്റ് മാർഗങ്ങൾ പരിഗണിക്കേണ്ടി വരുന്നില്ല

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

***പട്ടിക 1.5.1.*സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനം**

| ക്രമനമ്പർ | പ്രത്യാഘാതം | പ്രത്യാഘാതത്തിൻെറ വിവരണം |
|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | 14 കുടുംബങ്ങളുടെയും 1 സ്ഥാപനത്തിൻെറയും ഉടമസ്ഥതയിലുള്ള 6 സർവ്വെനമ്പറുകളിൽ ഉൾപ്പെട്ട സ്ഥലം |
| 2 | നിർമ്മിതികളിലുള്ള ആഘാതം | വീട് : 3<br>ശുചിമുറി : 1<br>ചുറ്റുമതിലും ഗേറ്റും : 3<br>കാർപോർച്ച് : 1<br>സൺഷേഡ് : 1കെട്ടിടത്തിലുള്ള 3 കടകളുടെ സൺഷേഡ്<br>കെട്ടിടം : ഐസ് പ്ലാൻറിൻെറ പിൻഭാഗം |
| 3 | കുടിയൊഴിയൽ | 3 കുടുംബങ്ങൾ |
| 4 | ഉപജീവനമാർഗം നഷ്ടമാകൽ | ഇല്ല |
| 5 | മരങ്ങൾ നഷ്ടമാകൽ | മാവ് :6<br>പ്ലാവ് :2<br>കവുങ്ങ് :1<br>മഹാഗണി :12 |

| | | |
|---|---|---|
| | | വാഴ : 5<br>പുളി : 1<br>കൊന്ന : 2<br>ശീമകൊന്ന : 1 |
| 6 | സർക്കാർ വക വസ്തുവകകളിലുള്ള ആഘാതം | മത്സ്യവകുപ്പിൻെറ പദ്ധതിബാധിതമാകുന്ന വസ്തുവകകൾ:<br>ബോട്ട്ജെട്ടി, കമ്പിവേലി, 2 ചെറിയ കെട്ടിടങ്ങൾ, വർക്ക്ഷോപ്പ് (ഭാഗികം), ഉപയോഗിക്കാത്ത ജലസംഭരണി, 10 ടൺ കപ്പാസിറ്റിയുള്ള 13 മത്സ്യടാങ്കുകൾ, 60 ടൺ കപ്പാസിറ്റിയുള്ള 2 മത്സ്യടാങ്കുകൾ, ചെറിയ തോട്, അക്വാട്രെയിനിങ് സെൻറർ,ഹാച്ചറി എന്നിവടങ്ങളിലേയ്ക്കുള്ള റോഡ്, 1 ഗുൽമോഹർ വൃക്ഷം |
| 7 | പൊതുസ്വത്തിലുള്ള ആഘാതം | റീസർവ്വേ നമ്പർ 429/8 ൽ ഉൾപ്പെടുന്ന പഞ്ചായത്ത് റോഡ് |

**കുറിപ്പ്:** മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽനിന്നും ലഭിച്ചതാണ്; രേഖാപരമായി തെളിവുകൾ പരിശോധിക്കേണ്ടതാണ്.

## 1.6 ലഘൂകരണ നടപടികൾ

മുനമ്പം-അഴീക്കോട് പാലത്തിന് അഴീക്കോട് ഭാഗത്ത് അനുബന്ധ റോഡ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ സാമൂഹ്യ പ്രത്യാഘാതം ലഘൂകരിക്കുന്നതിന്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി പ്രകാരമുള്ള പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1 പദ്ധതിയുടെ പശ്ചാത്തലം

മുനമ്പം കായലിനു കുറുകേ നിർമ്മിക്കുവാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട മുനമ്പം-അഴീക്കോട് പാലം തൃശൂർ ജില്ലയിലെ കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന അഴീക്കോടിനെയും എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മുനമ്പത്തെയും തമ്മിൽ ബന്ധിപ്പിക്കും. ഗോശ്രീ പാലം മുഖേന എറണാകുളവുമായി ബന്ധിക്കപ്പെട്ടിട്ടുള്ള വൈപ്പിൻ ദ്വീപിലെ ഒരു പ്രധാന പ്രദേശമാണ് മുനമ്പം. കേരളത്തെ അന്തർദേശീയ വ്യാപാരമേഖലയുമായ് ബന്ധിപ്പിക്കുന്ന പ്രധാന തുറമുഖങ്ങളിലൊന്നാണ് അഴീക്കോട്. നിലവിൽ മുനമ്പം കായൽ കടക്കുവാനായ് ജങ്കാർ സർവ്വീസാണ് ഉപയോഗിക്കുന്നത്. അഴിക്കോട്-മുസ്രിസ് ജങ്കാർ സർവ്വീസ് പ്രവർത്തന രഹിതമാകുന്നതുമൂലം ഇതിലൂടെയുള്ള ജനങ്ങളുടെ സഞ്ചാരവും ചരക്ക് ഗതാഗതവും പലപ്പോഴും തടസ്സപ്പെട്ടിട്ടുണ്ട്. വൈപ്പിനിൽ നിന്നും കൊടുങ്ങല്ലൂരിലേയ്ക്കും ദേശീയ പാത 17 ലേയ്ക്കും പ്രവേശനം സാധ്യമാകാത്തത് പരിഹരിക്കണം എന്നത് ഗോശ്രീ പാലവും വല്ലാർപാടം കണ്ടെയ്നർ ടെർമിനലും യാഥാർത്ഥ്യമായതിനുശേഷം ഒഴിവാക്കാനാകാത്ത ഒരു ആവശ്യമായി മാറിയിട്ടുണ്ട്. നിർദ്ദിഷ്ട മുനമ്പം-അഴീക്കോട് പാലത്തിന്റെ നിർമ്മാണം വളരെയധികം ഗതാഗതമുള്ള ദേശീയപാത 17 ലെയും 47 ലെയും ഗതാഗതകുരുക്കിന് പരിഹാരമാകും. നിർദ്ദിഷ്ട പാലം എറണാകുളം ജില്ലയിലെ മുനമ്പത്തെയും തൃശൂർ ജില്ലയിലെ അഴീക്കോടിനെയും ബന്ധിപ്പിക്കും. വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയിലൂടെയും പുതിയ തീരദേശ പാതയിലൂടെയും എളുപ്പത്തിൽ കൊച്ചി നഗരത്തിലേയ്ക്ക് പ്രവേശിക്കുവാനാകും എന്നതിനാൽ നിർദ്ദിഷ്ട അഴീക്കോട്-മുനമ്പം പാലം വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് ഒരു അനുഗ്രഹമാകും.

04.02.2011 തീയതിയിലെ GO(RT)No.216/2011/PWD പ്രകാരം 92 കോടി രൂപ ചെലവിൽ പ്രസ്തുത പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലി പൂർത്തിയാക്കി അലൈന്മെന്റ് പ്ലാനും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഡിസൈൻ വിങിന് സമർപ്പിച്ചു. 12.09.2012 തീയതിയിലെ CEDO/BD/ 36/12 നമ്പറിൽ ലഭ്യമായ ടെൻേറ്റിവ് ഡിസൈൻ

ഡ്രോയിങ് അനുസരിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി. അനുബന്ധ റോഡിന്റെ നിർമ്മാണത്തിന് കുഴുപ്പിള്ളി വില്ലേജിലെ മുനമ്പം പ്രദേശത്തുനിന്നും 20.99 ആർ സ്ഥലവും അഴിക്കോട് വില്ലേജിലെ അഴിക്കോട് പ്രദേശത്തു നിന്നും 24.05 ആർ സ്ഥലവും ആവശ്യമുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് 07.10.2013 തീയതിയിലെ GO(RT)No.5423/2013/RD പ്രകാരം സർക്കാർ അനുമതി ലഭ്യമാകുകയും ആയതിന് പഴയ ഭൂമി ഏറ്റെടുക്കൽ നിയമം അനുസരിച്ച് 4 (1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പക്ഷെ ഭൂമി ഏറ്റെടുക്കൽ നിയമം നവീകരിച്ചതിനാൽ നിലവിൽ 10/07/2017 തീയതിയിലെ മുഖ്യ അനുമതി നമ്പർ GO(RT)No.942/2017/PWD TVM പ്രകാരം KIIFB 2017-18 ലാണ് പദ്ധതി നടപ്പിലാക്കുന്നത്. ആയതിനാൽ ഭൂമി ഏറ്റെടുക്കലിന് പുതിയ നിയമമനുസരിച്ച് തൃശൂർ, എറണാകുളം ജില്ലകളിലെ കളക്ടർമാർക്ക് പുതിയ അപേക്ഷ സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കലിന് നിയമിക്കപ്പെട്ട പ്രത്യേക തഹസിൽദാർമാർ മുനമ്പം, അഴീക്കോട് ഭാഗങ്ങളിലെ പരിശോധന പൂർത്തിയാക്കി. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി മുനമ്പം ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതുമായ് ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചു. 28/02/2018 തീയതിയിലെ സർക്കാർ ഉത്തരവ് GO(RT)No.358/2018/PWD,TVM പ്രകാരം പദ്ധതിയ്ക്ക് വേണ്ടി അഴീക്കോട് ഭാഗത്തുനിന്നും 0.2405 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

## 2.2. പദ്ധതിയുടെ യുക്തി

നിർദ്ദിഷ്ട അഴീക്കോട്-മുനമ്പം പാലം തൃശൂർ ജില്ലയിലെ അഴീക്കോടിനെയും എറണാകുളം ജില്ലയിലെ മുനമ്പത്തെയും ബന്ധിപ്പിക്കും. ഗോശ്രീ പാലം മുഖേന എറണാകുളം ജില്ലയുമായ് ബന്ധപ്പെട്ട് കിടക്കുന്ന വൈപ്പിൻകര ദ്വീപിലെ ഒരു പ്രധാന പ്രദേശമായ മുനമ്പത്തിനും തൃശൂർ ജില്ലയിലെ അഴീക്കോടിനുമിടയിലുള്ള ഗതാഗതം സുഗമമാകുന്നതിലൂടെ രണ്ട് പ്രദേശങ്ങളിലെയും വ്യാപാരവും ടൂറിസവും മെച്ചപ്പെടുകയും അത് വഴി പ്രദേശങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് വഴിതെളിക്കുകയും ചെയ്യും. വൈപ്പിനെ കൊടുങ്ങല്ലൂരുമായും ദേശീയ പാത 17 മായും ബന്ധിപ്പിക്കും; ആയത് ഗോശ്രീ പാലവും വല്ലാർപാടം കണ്ടെയ്നർ ടെർമിനലും നിലവിൽ വന്നതിനുശേഷം ഒരു പ്രധാന ആവശ്യമായിരുന്നു. നിർദ്ദിഷ്ട അഴീക്കോട് -മുനമ്പം പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചാൽ ദേശീയപാത 17ഉം ദേശീയപാത 47 ഉം ഗതാഗതക്കുരുക്കിൽ നിന്നും മുക്തമാകും. നിർദ്ദിഷ്ട പാലം വൈപ്പീൻ പള്ളിപ്പുറം സംസ്ഥാന പാതയിലൂടെയും പുതിയ തീരദേശ പാതയിലൂടെയും എളുപ്പത്തിൽ കൊച്ചി നഗരത്തിലേയ്ക്ക്

പ്രവേശിക്കുവാനാകും എന്നതിനാൽ നിർദ്ദിഷ്ട അഴീക്കോട്-മുനമ്പം പാലം വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് ഒരു അനുഗ്രഹമാകും.

ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം 2013 (30 of 2013) ഭാഗം 2(1) b(i) പ്രകാരം പ്രസ്തുത പദ്ധതി ഒരു പൊതു ആവശ്യമായ് കാണാവുന്നതാണ്.

**2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ ഉൾപ്പെട്ട എറിയാട് ഗ്രാമപഞ്ചായത്തിലെ അഴീക്കോട് വില്ലേജിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. 428, 429, 430, 196 എന്നീ റീസർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 0.2405 ഹെക്ടർ സ്ഥലമാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

**ചെലവ് :**

പദ്ധതിയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് നിർദ്ദിഷ്ട അഴീക്കോട്-മുനമ്പം പാലത്തിൻെറ ഇരുവശങ്ങളിലെയും ഭൂമി ഏറ്റെടുക്കുന്നതിന് 13.11.2018 തീയതിയിലെ ഓർഡർ നമ്പർ PWD-016-04-PA-01 പ്രകാരം 14.616 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. 140.60 കോടി രൂപയാണ് ഇരുവശങ്ങളിലെയും അനുബന്ധ റോഡിൻെറ ആകെ നിർമ്മാണ തുകയായ് കണക്കാക്കിയിരിക്കുന്നത്

**ആശങ്കകൾ** :

പദ്ധതി നിർമ്മാണത്തിനു മുൻപ് ഭാരത ഉൾനാടൻ ജലഗതാഗത അതോറിറ്റിയുടെയും പോർട്ടിൻെറയും തീരദേശ നിയന്ത്രണ മേഖലയുടെയും ദേശീയ പാത അതോറിറ്റിയു ടെയും ക്ലിയറൻസ് ലഭിക്കേണ്ടതുണ്ട്. അനുബന്ധ റോഡ് നിർമ്മാണവുമായ് ബന്ധപ്പെട്ട് നിലവിലെ ജങ്കാർ സർവ്വീസ്, വൈദ്യുതി തൂണുകൾ, ജലവിതരണപൈപ്പുകൾ എന്നിവ മാറ്റേണ്ടതുണ്ട്. ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറുകളായ കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ, റവ ന്യൂ വകുപ്പ് എന്നിവയുമായ് സഹകരിച്ച് കിഫ്ബി ഭരണാനുമതി പുറപ്പെടുവിച്ചാലുടൻ ഇത് ചെയ്യാവുന്നതാണ്. പ്രസ്തുത വിവരങ്ങൾ പദ്ധതി നിർമ്മാണത്തിൻെറ തുടക്കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതുണ്ട്.

## 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പ്രസ്തുത പ്രദേശത്ത് തന്നെ പാലം നിർമ്മിക്കുന്നതിനാൽ അനുബന്ധ റോഡ് നിർമ്മാ ണത്തിന് മറ്റ് മാർഗങ്ങൾ പരിഗണിക്കേണ്ടി വരുന്നില്ല

### 2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

നിർദ്ദിഷ്ട പദ്ധതിയുടെ നിർമ്മാണം 2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് 2020-2021 ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. പദ്ധതി പൂർത്തീകരണത്തിന് പ്രതീക്ഷി ക്കുന്ന കാലാവധി 24 മാസമാണ്.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിർദ്ദിഷ്ട അനുബന്ധ റോഡിൻെറ വിവരങ്ങൾ :

- ഇരുവശങ്ങളിലും 210 മീറ്റർ സർവ്വീസ് റോഡ്
- ഗ്രാനുലർ സബ് ബേസോടുകൂടിയ അടിത്തറ, സബ് ബേസിൻെറ ഉപരിതലത്തിൽ ഡബ്ല്യൂ.എം.എം സർഫേസ്. ബി.എം.ബി.സി സർഫേസും ഉണ്ടായിരിക്കും.
- തെർമോപ്ലാസ്റ്റിക്ക് സെൻറർ ലൈൻ, മെറ്റൽ ബീം ക്രാഷ് ബാരിയർ, റിഫ്ലക്റ്റഡ് റോഡ് സ്റ്റഡ്സ്, ദിശാസൂചകങ്ങൾ, പെയിൻറിങ്ങ്സ് തുടങ്ങിയ റോഡ് സുരക്ഷാസംവിധാനങ്ങൾ
- ഫൗണ്ടേഷർ ട്രെഞ്ചിന് തെങ്ങിൻ തൂണുകൾ
- സമുദ്ര സംരക്ഷണത്തിനു വേണ്ടി സി.സി.ബെൽറ്റും, ഡ്രൈ റൂബിൾ മേസനറിയോടും കൂടിയ സൂപ്പർ സ്ട്രക്ച്ചർ.
- ആർ.സി.സി. ബെഡ് ടു ബോക്സ് കൽ വർട്ട്.

### 2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതിനിർമ്മാണവേളയിൽ പ്രദേശത്തെ 2 റോഡുകളിലേയ്ക്കുള്ള പ്രവേശനം തടസപ്പെട്ടേക്കാം എന്നതിനാൽ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. മത്സ്യവകുപ്പിൻെറ പദ്ധതിബാധിതമാകുന്ന ബോട്ട്ജെട്ടി, മത്സ്യടാങ്കുകൾ, കൈത്തോട് എന്നിവ അടിയന്തിരമായ് പുനസ്ഥാപിക്കേണ്ടതാണ്.

## 2.8 ആവശ്യമായ തൊഴിൽ ശക്തി

പരിശീലനം സിദ്ധിച്ചതും അല്ലാത്തതുമായ തൊഴിലാളികളും ആധുനിക ഉപകരണ ങ്ങളുമുൾപ്പെടുന്ന തൊഴിൽ ശക്തിയാണ് പ്രസ്തുത പദ്ധതിക്കു വേണ്ടത്. നിർമ്മാണത്തിനായ് ഓപ്പൺ ഇ-ടെണ്ടർ ക്ഷണിച്ച്, ലഭ്യമായവയിൽ നിന്ന് കുറഞ്ഞ ലേലതുക സമർ പ്പിച്ചിട്ടുള്ളതും എന്നാൽ നിലവാരം പുലർത്തുന്നതുമായ ബിഡ്ഡറുമായ് കരാറുണ്ടാക്കും.

പദ്ധതിയുടെ നിർമ്മാണം 2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് 2020-2021 ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. പദ്ധതി പൂർത്തീകരണത്തിന് പ്രതീക്ഷിക്കുന്ന കാലാവധി 24 മാസമാണ്.

### 2.9. മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

സർക്കാർ അംഗീകൃത സ്ഥാപനമായ "എസ്റ്റീം ഡെവലപ്പേഴ്സ് ലിമിറ്റഡ്, കൊച്ചി-18" പദ്ധതിയുടെ ഇൻ വെസ്റ്റിഗേഷൻ ജോലി പൂർത്തിയാക്കി. 07.02.2000 തീയതിയിൽ മണ്ണ് പരിശോധനയും ലബോറട്ടറി ടെസ്റ്റും നടത്തി തറക്കല്ലിടുന്നതിനുവേണ്ടിയുള്ള ശുപാർശ സമർപ്പിച്ചു. കൂടാതെ പ്രതീക്ഷിത ഗതാഗത പഠനവും ജിയോടെക്നിക്കൽ പഠനവും നടത്തി. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് മുനമ്പം ഭാഗത്തെ അനുബന്ധ റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു.

### 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

നിർദ്ദിഷ്ട അഴീക്കോട്-മുനമ്പം പാലം അനുബന്ധ റോഡ് നിർമ്മാണ പദ്ധതിക്കുവേണ്ടി ഭൂമിഏറ്റെടുക്കൽ, പുനരധിവാസം, പുന:സ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമ ങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം (കേന്ദ്രനിയമം 30, 2013)
- കേരള സർക്കാർ - റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- വിവരവകാശ നിയമം 2005

# അദ്ധ്യായം 3

# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

2019 ജൂലൈ 11-ാം തീയതിയിലെ കേരള ഗസറ്റ് നമ്പർ 1557 ൽ പ്രസിദ്ധീകരിച്ച 07.06.2019 തീയതിയിലെ തൃശൂർ ജില്ലാ കളക്ടറുടെ വിജ്ഞാപനം നമ്പർ E3-2304/18 അനുസരിച്ച് നിർദ്ദിഷ്ട അഴിക്കോട്-മുനമ്പം പാലത്തിൻെറ അഴീക്കോട് ഭാഗത്തെ അനുബന്ധ റോഡ് നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി രാജഗിരി ഔട്ട് റീച്ചിനെ ചുമതലപ്പെടുത്തി

പദ്ധതിബാധിത ഭൂമിയുടേയും, കെട്ടിടങ്ങളുടേയും, കുടുംബങ്ങളുടേയും, വ്യക്തികളുടേയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തുകയും പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുകയും കൂടാതെ സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശം. നിലവിലുള്ള പ്രക്രിയക്ക് വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്തു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിൻെറ ഭാഗമായി നിർദ്ദിഷ്ട പദ്ധതി ബാധിത മേഖലയിലെ ഗുണകരവും ദോഷകരവുമായ പ്രത്യാഘാതങ്ങൾ തിട്ടപ്പെടുത്തുന്നതിന് നിർദ്ദിഷ്ട അഴിക്കോട്-മുനമ്പം പാലത്തിൻെറ അഴീക്കോട് ഭാഗത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിലെ പരിചയ സമ്പന്നരായ അംഗങ്ങൾ സാമൂഹിക-സാമ്പത്തിക സർവ്വേ നടത്തി.

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷയായ രാജഗിരി ഔട്ട് റീച്ചിൻെറ പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ, വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലുകളും നടത്തിയ അനുഭവ സമ്പത്തുള്ള 6 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനു വേണ്ടിയുള്ള വിവരശേഖരണവും ഏകോപനവും നടത്തിയത്. കൂടാതെ പ്രത്യാഘാത

ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു. പഠനസംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1. ൽ നൽകിയിരിക്കുന്നു

**പട്ടിക 3.1.1. പഠനസംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ | വികസനമേഖലയിൽ 31 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 23 വർഷത്തെ പ്രവർത്തന പരിചയം |
| 3 | മരിയ ടെൻസി വി.എസ്. | എം.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 4 | രഞ്ജിത് കെ.യു. | ബി.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 24 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 24 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ടോണി മാത്യു | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 1 വർഷത്തെ പ്രവർത്തന പരിചയം |

**3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും**

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുൻപേ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം അർത്ഥനാധികാരിയിൽ നിന്ന് പദ്ധതിയെക്കുറിച്ചുള്ള പരമാവധി വിവരങ്ങൾ ശേഖരിച്ചു. പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം പഠിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിവിധ പ്രത്യാഘാതങ്ങൾ വിശദമായി വിലയിരുത്തി. മുൻപരിശോധന നടത്തിയ ചോദ്യാവലി ഉപയോഗിച്ച് പദ്ധതി ബാധിത കുടുംബങ്ങളിൽ സെൻസസ് മാതൃകയിലുള്ള സാമൂഹ്യ സാമ്പത്തിക സർവ്വെ നടത്തിയാണ് പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും

പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിൻെറയും നഷ്ടപരിഹാരം നൽകുന്നതിൻെറയും നിയമപരമായ ചട്ടക്കൂടുകളെക്കുറിച്ചും പഠിച്ചു. പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ താഴെ വിവരിക്കുന്നു:

- പദ്ധതിയുമായ് ബന്ധപ്പെട്ട രേഖകളുടെയും റിപ്പോർട്ടുകളുടെയും പഠനം
- പദ്ധതി പ്രദേശം സന്ദർശിക്കലും വിവര പ്രചാരണവും
- സാമൂഹ്യ സാമ്പത്തിക സർവ്വെയും പദ്ധതിബാധിത വസ്തുക്കളുടെ വിവരശേഖരണവും
- സാമൂഹ്യ-സാമ്പത്തിക സർവ്വേയിൽ ലഭിച്ച വിവരങ്ങളുടെ വിശകലനം

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിയുടെ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ തിരിച്ചറിയുന്നതിന് ആഘാത ബാധിതമാകുന്ന എല്ലാ കുടുംബങ്ങളെയും കുറിച്ച് വിശദമായി പഠിക്കേണ്ടതുണ്ട്. മാതൃകാ പരിശോധനാ പദ്ധതിശാസ്ത്രം പ്രസ്തുത പഠനത്തിന് അനുയോജ്യമല്ല എന്നതിനാൽ പദ്ധതി ആഘാത ബാധിതമാകുന്ന എല്ലാ കുടുംബങ്ങളെയും സർവ്വെയിൽ ഉൾപ്പെടുത്തി.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

പദ്ധതി ബാധിത കുടുംബങ്ങൾ സന്ദർശിച്ച് നടത്തിയ അഭിമുഖത്തിലൂടെയാണ് പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. മുൻപരിശോധന നടത്തിയ ചോദ്യാവലിയാണ് അതിനായ് ഉപയോഗിച്ചത്. പ്രസ്തുത ചോദ്യാവലിയിൽ ഉത്തരങ്ങൾ അതിൽ തന്നെ ഉൾക്കൊള്ളുന്ന ചോദ്യങ്ങളും വിശദമായ് ഉത്തരം നൽകാവുന്ന ചോദ്യങ്ങളും ഉൾപ്പെടുത്തിയിരുന്നു. പദ്ധതി ബാധിത കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ, പദ്ധതി ബാധിത ആസ്തിയുടെ കണക്ക്, ഭൂമി ഏറ്റെടുക്കലിൻെറ പരിണിതഫലങ്ങൾ തുടങ്ങിയ വിവരങ്ങൾ ഭവന സന്ദർശനത്തിലൂടെയാണ് ശേഖരിച്ചത്.

അർത്ഥനാധികാരിയിൽ നിന്നും, ഭൂമി ഏറ്റെടുക്കൽ പ്രത്യേക തഹസിൽദാറിൻെറ കാര്യാലയത്തിൽ നിന്നും ദ്വിതീയ വിവരങ്ങൾ ശേഖരിച്ചു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഉം ആയതിൻെറ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

### 3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

- ഡെപ്യൂട്ടി കളക്ടർ(ഭൂമിഏറ്റെടുക്കൽ) കാര്യാലയത്തിൽ നിന്നും വിവരശേഖരണം : 27 മെയ് 2019
- പദ്ധതിപ്രദേശം സന്ദർശനം : 12 ജൂൺ 2019 & 27 ജൂൺ 2019
- പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വേ : 12 ജൂൺ 2019
- എറിയാട് ഗ്രാമപഞ്ചായത്ത് പ്രതിനിധികളുമായ് കൂടിക്കാഴ്ച്ച :12 ജൂൺ 2019

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015ൽ ചട്ടം14(1) ലെ ഫോം 5 പ്രകാരം പിഴല സെൻറ്.ഫ്രാൻസീസ് പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് 29/06/2019 ശനിയാഴ്ച്ച രാവിലെ 11 മണിക്ക് പബ്ലിക് ഹിയറിങ്ങ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നോട്ടീസ് പദ്ധതിബാധിത കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്.

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

തൃശൂർ ജില്ലയിലെ ഒരു തീരദേശ ഗ്രാമമാണ് അഴീക്കോട്. പദ്ധതിബാധിത പ്രദേശം കൊടുങ്ങല്ലൂർ താലൂക്കിലെ എറിയാട് ഗ്രാമപഞ്ചായത്തിലെ 15 ഉം 16 ഉം വാർഡുകളിൽ ഉൾപ്പെടുന്നു. മത്സ്യവകുപ്പിൻെറ കാര്യാലയം പദ്ധതിബാധിത പ്രദേശത്ത് സ്ഥിതിചെയ്യുന്നു. നിർദ്ദിഷ്ട അനുബന്ധ റോഡ് ആരംഭിക്കുന്നത് മത്സ്യവകുപ്പിൻെറ സ്ഥലത്തുനിന്നുമാണ്.




### 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ ഭൂവുടമകൾക്ക് ഭൂമി നഷ്ടമാകുന്നതോടൊപ്പം നിർമ്മിതികൾ നഷ്ടമാകൽ, വൃക്ഷങ്ങൾ വെട്ടിനീക്കുക മുതലായ വിവിധങ്ങളായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നുണ്ട്. മത്സ്യവകുപ്പിൻെറ ഉടമസ്ഥതയിലുള്ള വസ്തുവകകളും എറിയാട് ഗ്രാമപഞ്ചായത്തിൻെറ ഒരു റോഡും ഏറ്റെടുക്കപ്പെടലിൽ ഉൾപ്പെടുന്നു.

**പട്ടിക 4.1.1 ഭൂവുടമകൾക്ക് ഉണ്ടായേക്കാനിടയുള്ള പ്രത്യാഘാതങ്ങൾ**

| ക്രമ നമ്പർ | പേര് | സർവ്വെനമ്പർ | പ്രത്യാഘാതം |
|---|---|---|---|
| 1 | അബ്ദുൾ റഹ്മാൻ ഗോയൽ | 428/9 | 0.0249 ഹെക്ടർ സ്ഥലം, വീട്, 6 തെങ്ങ്, 1 അടക്കമരം എന്നിവ നഷ്ടമാകൽ (കുടിയൊഴിപ്പിക്കൽ) |
| 2 | അബ്ദുൾ നാസർ | 428/9<br>429/6 | 0.00069 & 0.0004 ഹെക്ടർ സ്ഥലം, വീട്, 1 തെങ്ങ്, 1 മാവ് എന്നിവ നഷ്ടമാകൽ (കുടിയൊഴിപ്പിക്കൽ) |
| 3 | ഗുൽസാർ | 428/9 | 0.0001 (ഗുൽസാർ) 0.0136 & 0.0679 (ബീവി) ഹെക്ടർ സ്ഥലം, വീട്, 12 മഹാഗണി വൃക്ഷങ്ങൾ, 2 മാവ്, 12 തെങ്ങ്, 2 പ്ലാവ്, 5 വാഴ എന്നിവ നഷ്ടമാകൽ (കുടിയൊഴിപ്പിക്കൽ) |
| 4 | ബീവി | 429/6 | |
| 5 | ഷാജി | 429/6 | 0.0021 ഹെക്ടർ സ്ഥലം, ശൗചാലയം, 1 ശീമകൊന്ന |

| | | | |
|---|---|---|---|
| | | | എന്നിവ നഷ്ടമാകൽ |
| 6 | സഹഎൻറർപ്രൈസസ്<br>കൊച്ചുമുഹമ്മദ്<br>ജലീൽ<br>ജബ്ബാർ<br>ഖരീം മുഹമ്മദ്<br>ഇസ്മായിൽ<br>ലത്തിഫ് | 429/6<br>429/8 | 0.0319 & 0.0072 ഹെക്ടർ സ്ഥലം നഷ്ടമാകൽ |
| 7 | അബ്ദുൾ മനാഫ് | 429/6 | 0.0201 ഹെക്ടർ സ്ഥലം, ഐെസ്പ്ലാൻറിൻെറ ഒരു ഭാഗം എന്നിവ നഷ്ടമാകൽ |
| 8 | ശശിധരൻ.എ.വി. | 429/8 | 0.0072 ഹെക്ടർ സ്ഥലം, ചുറ്റുമതിലും ഗേറ്റും, കാർ പോർച്ച്, 1 മാവ്, 1 കൊന്ന, 2 തെങ്ങ് എന്നിവ നഷ്ടമാകൽ |
| 9 | അബ്ദുൾ നാസർ | 430/4 | 0.0024 ഹെക്ടർ സ്ഥലം, ചുറ്റുമതിലും ഗേറ്റും, 1 മാവ്, 1 തെങ്ങ്, 1 പുളിമരം എന്നിവ നഷ്ടമാകൽ |
| 10 | വി.കെ.റഹിം | 430/4 | 0.0034 ഹെക്ടർ സ്ഥലം, ചുറ്റുമതിലും ഗേറ്റും, 2 തെങ്ങ് എന്നിവ നഷ്ടമാകൽ |
| 11 | കെ.എം.സെയ്ത് | 196/4 | 0.0034 ഹെക്ടർ സ്ഥലം, 1 മാവ്, 1 തെങ്ങ്, എന്നിവ നഷ്ടമാകൽ |
| 12 | ശ്രീനിവാസൻ | 196/4 | 0.0001 ഹെക്ടർ സ്ഥലം, കടയുടെ സൺഷെയ്ഡ് എന്നിവ നഷ്ടമാകൽ |
| 13 | തുളസി ചെല്ലപ്പൻ | 196/4 | 0.0001 ഹെക്ടർ സ്ഥലം, കടയുടെ സൺഷെയ്ഡ് എന്നിവ നഷ്ടമാകൽ |
| 14 | ബാഹുലേയൻ | 196/4 | 0.0001 ഹെക്ടർ സ്ഥലം, കടയുടെ സൺഷെയ്ഡ് എന്നിവ നഷ്ടമാകൽ |
| 15 | നൗഷാദ് | 196/4 | 0.0006 ഹെക്ടർ സ്ഥലം നഷ്ടമാകൽ |
| 16 | ഷമീറ, മുനീറ, റിയാസ് | 196/5 | 0.197 ഹെക്ടർ സ്ഥലം നഷ്ടമാകൽ |
| 17 | പഞ്ചായത്ത് റോഡ് | 429/8 | 0.0044 ഹെക്ടർ സ്ഥലം നഷ്ടമാകൽ |

മേൽ വിവരിച്ചത് കൂടാതെ കേരള സർക്കാർ സംരംഭമായ മത്സ്യബന്ധന വകുപ്പിൻെറ ഉടമസ്ഥതയിലുള്ള വസ്തുവകകളും ഏറ്റെടുക്കലിൽ ഉൾപ്പെടുന്നു. ബോട്ട്ജെട്ടി, കമ്പി വേലി, 2 ചെറിയ കെട്ടിടങ്ങൾ, വർക്ക്ഷോപ്പിൻെറ ഒരു ഭാഗം, ഉപയോഗത്തിലല്ലാത്ത

ജലസംഭരണി, 10 ടൺ കപ്പാസിറ്റിയുള്ള 13 മത്സ്യ ടാങ്കുകൾ, 60 ടൺ കപ്പാസിറ്റിയുള്ള 2 മത്സ്യടാങ്കുകൾ, ചെറുതോട്, അക്വാട്രെയിനിങ്ങ് സെൻററിലേയ്ക്കും ഹാച്ചറിയിലേയ്ക്കുമുള്ള റോഡ്, 1 ഗുൽമോഹർ മരം എന്നിവയാണ് പദ്ധതിബാധിതമാകുന്ന വസ്തുവകകൾ

പദ്ധതി നിലവിൽ വരുമ്പോൾ മുനമ്പം കായലിലെ കടത്തുബോട്ടിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ഉപജീവനമാർഗം നഷ്ടമാകും എന്നത് പദ്ധതിയുടെ ഒരു പരോക്ഷ ആഘാതമായ് കാണേണ്ടതാണ്.

**4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

നിർദ്ദിഷ്ട മുനമ്പം-അഴീക്കോട് പാലത്തിന് അഴീക്കോട് ഭാഗത്ത് അനുബന്ധ റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായി വരുന്നത് 0.2405 ഹെക്ടർ ഭൂമിയാണ്. പ്രസ്തുത ഭൂമി 428, 429, 430, 196 എന്നീ റീസർവ്വേ നമ്പറുകളിൽ നിന്നാണ് ഏറ്റെടുക്കപ്പെടുന്നത്.

**4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

സർവ്വെനമ്പർ 429/8 ൽ ഉൾപ്പെടുന്ന പഞ്ചായത്ത് റോഡും മത്സ്യബന്ധന വകുപ്പിൻെറ വസ്തുവകകളും പദ്ധതി ബാധിതമാകുന്നുണ്ട്.

**4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി നിലവിൽ ഭൂമി വിലയ്ക്ക് വാങ്ങുകയോ, അന്യാധീനപ്പെട്ട് പോകുകയോ, പാട്ടത്തിനെടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. ഏറ്റെടുക്കപ്പെടുന്ന മുഴുവൻ സ്ഥലവും അനുബന്ധ റോഡ് നിർമ്മിക്കുന്നതിനുവേണ്ടിയാണ്.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും**

പദ്ധതിയ്ക്ക് വേണ്ടി 0.2405 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ ഏറിയാട് ഗ്രാമ പഞ്ചായത്തിലെ 15, 16 വാർഡുകളിൽ

ഉൾപ്പെടുന്നതാണ് പ്രസ്തുത സ്ഥലങ്ങൾ. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളെല്ലാം ഔദ്യോഗിക രേഖപ്രകാരം പുരയിടങ്ങളാണ്.

### 4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

ഔദ്യോഗിക രേഖപ്രകാരം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളെല്ലാം "പുരയിടം" വിഭാഗത്തിൽ പെടുന്നു. 14 കുടുംബങ്ങളുടെയും 1 സ്വകാര്യ സംരംഭത്തിൻെറയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലങ്ങൾ കുടുംബങ്ങൾ താമസത്തിനായും, കച്ചവടാവശ്യത്തിനായും തുറസ്സായ സ്ഥലമായും ഉപയോഗിക്കുന്നു. ആഘാതബാധിത സ്ഥലങ്ങൾ കുടുംബങ്ങൾ ഏത് കാര്യത്തിനുവേണ്ടി ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ നിന്നും വ്യക്തമാകും.




കൂടാതെ ഒരു പഞ്ചായത്ത് റോഡും മത്സ്യബന്ധനവകുപ്പിൻെറ വസ്തുവകകളും ഏറ്റെടുക്കലിൽ ഉൾപ്പെടുന്നു. ബോട്ട്ജെട്ടി, കമ്പി വേലി, 2 ചെറിയ കെട്ടിടങ്ങൾ, വർക്ക്ഷോപ്പിൻെറ ഒരു ഭാഗം, ഉപയോഗത്തിലല്ലാത്ത ജലസംഭരണി, 10 ടൺ കപ്പാസിറ്റിയുള്ള 13 മത്സ്യ ടാങ്കുകൾ, 60 ടൺ കപ്പാസിറ്റിയുള്ള 2 മത്സ്യടാങ്കുകൾ, ചെറുതോട്, അകാഡ്രെയിനിങ്ങ് സെൻററിലേയ്ക്കും ഹാച്ചറിയിലേയ്ക്കുമുള്ള റോഡ്, 1 ഗുൽമോഹർ മരം എന്നിവയാണ് മത്സ്യബന്ധനവകുപ്പിൻെറ പദ്ധതിബാധിതമാകുന്ന വസ്തുവകകൾ.

**4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം**

13 കുടുംബങ്ങളുടെ സ്ഥലങ്ങൾ വ്യക്തിഗത ഉടമസ്ഥതയിലുള്ളതും 1 കുടുംബത്തിൻേറത് കൂടുടമസ്ഥതയിലുള്ളതുമാണ്. ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള സഫ എൻറർപ്രൈസസിൻെറ സ്ഥലം കൂട്ടുടമസ്ഥതയിലുള്ളതാണ്. പദ്ധതിബാധിത സ്ഥലം 5 കുടുംബങ്ങൾ താമസത്തിനുപയോഗിക്കുന്നു.

4.7. **4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

196/4 സർവ്വെ നമ്പറിലെ പരേതനായ ശ്രീ.ബാഹുലേയൻെറ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം 2 വർഷം മുൻപ് അദ്ദേഹത്തിൻെറ മകനായ ശ്രീ.ബ്രൈറ്റിന് കൈമാറിയിട്ടുണ്ട് എന്നതൊഴിച്ച് വിവരദാതാക്കൾ നൽകിയ വിവരം അനുസരിച്ച് ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ കഴിഞ്ഞ 3 വർഷകാലയളവിൽ യാതൊരുവിധ വ്യവഹാരങ്ങളും നടന്നിട്ടില്ല

# അദ്ധ്യായം – 5
# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പദ്ധതി മൂലം പ്രത്യക്ഷമായും പരോക്ഷമായും ആഘാതബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും, കുടുംബങ്ങൾക്ക് നേരിടേണ്ടിവരുന്ന ആഘാതത്തിൻെറ അളവും, നഷ്ടപ്പെടുന്ന വസ്തുവകകളുടെ വിലയിരുത്തലുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**5.1. കുടുംബങ്ങളുടെ എണ്ണം**

***5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ ( ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)***

നിർദ്ദിഷ്ട മുനമ്പം-അഴീക്കോട് പാലത്തിൻെറ അഴീക്കോട് ഭാഗത്തെ അനുബന്ധ റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ മൂലം ആഘാതബാധിതരാകുന്നത് 14 കുടുംബങ്ങളും 1 സ്വകാര്യ സംരംഭവും എറിയാട് ഗ്രാമ പഞ്ചായത്തും മത്സ്യബന്ധന വകുപ്പുമാണ്. പദ്ധതിബാധിതരാകുന്ന ഭൂവുടമകളുടെ പേര്‌വിവരങ്ങൾ പട്ടിക 5.1.1.ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.1. ഭൂവുടമകളുടെ പേര്‌വിവരങ്ങൾ**

| *ക്രമ നമ്പർ* | *പേരും വിലാസവും* |
|---|---|
| 1 | അബ്ദുൾ റഹ്മാൻ ഗോയൽ, മസ്ദാംപിള്ളി വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 2 | അബ്ദുൾ നാസർ, കർത്താൻറപറമ്പിൽ വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 3 | ഗുൽസാർ, പന്തിയിൽ വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 4 | ബീവി, W/o.സൈനുദ്ദീൻ, പന്തിയിൽ വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 5 | ഷാജി, S/o.സോമൻ, പൊയ്യാറ വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 6 | സഫ എൻറർപ്രൈസസ്, അഴീക്കോട് ജെട്ടി.പി.ഒ.<br>(കൊച്ചുമുഹമ്മദ്, ജലീൽ, ജബ്ബാർ, ഖരീം മുഹമ്മദ്, ഇസ്മയിൽ, ലത്തീഫ്) |
| 7 | അബ്ദുൾ മനാഫ്, പടിപുരയ്ക്കകത്ത് വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 8 | ശശിധരൻ.എ.വി, അജപറമ്പിൽ വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 9 | അബ്ദുൾ നാസർ, തളിക്കൽ വീട്, അഴീക്കോട് ജെട്ടി.പി.ഒ. |

| | |
|---|---|
| 10 | വി.കെ.റഹിം, വലിയകത്ത് വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 11 | കെ.എം.സെയ്ത്, കറുത്താൻ പറമ്പിൽ, അഴീക്കോട് ജെട്ടി.പി.ഒ. |
| 12 | ശ്രീനിവാസൻ, S/o.ഗംഗാധരൻ, കൈപറമ്പിൽ വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 13 | തുളസി ചെല്ലപ്പൻ, അനയമ്പലത്ത് വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 14 | ബാഹുലേയൻ, S/o.ഗംഗാധരൻ, കൈപറമ്പിൽ വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 15* | നൗഷാദ്, S/o അബ്ദുൾഖാദർ, കറുകപാടത്ത് വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 16* | ഷാമിറ, മുനീറ, റിയാസ്, C/o അഡ്വ:അബുബക്കർ, നമ്പൂതിരിമഠത്തിൽ വീട്, അഴീക്കോട് ജെട്ടി.പി.ഒ. |
| 17 | എറിയാട് ഗ്രാമപഞ്ചായത്ത് |
| 18 | മത്സ്യബന്ധന വകുപ്പ്, കേരള സർക്കാർ |

*ക്രമനമ്പർ 15,16 കുടുംബങ്ങൾ സർവ്വെയിൽ സഹകരിച്ചില്ല എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന് പ്രസ്തുത കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞിട്ടില്ല.

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

നിർദ്ദിഷ്ട പ്രദേശം വനഭൂമിയല്ല

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

പദ്ധതി മൂലം പൊതുവിഭവങ്ങളൊന്നും ആഘാതബാധിതമാകുന്നില്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

പദ്ധതി പ്രദേശത്ത് സർക്കാർ അനുവദിച്ചു നൽകിയ സ്ഥലങ്ങളില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ബാധകമല്ല

**5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ഒരു ഐസ് പ്ലാൻറും 3 കടകളും പദ്ധതിബാധിതമാകുന്നുണ്ടെങ്കിലും മാറ്റി സ്ഥാപിക്കേണ്ടിവരുന്നില്ല. പക്ഷെ പദ്ധതിനിർമ്മാണഘട്ടത്തിൽ അവയുടെ പ്രവർത്തനം തടസപ്പെട്ടേക്കാം എന്നതിനാൽ വരുമാന നഷ്ടമുണ്ടായേക്കാം.

### *5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)*

മുനമ്പം കായലിൽ ഇപ്പോൾ സർവ്വീസ് നടത്തുന്ന കടത്ത് ബോട്ടിലെ തൊഴിലാളികൾക്ക് പദ്ധതി നിലവിൽ വരുമ്പോൾ തൊഴിൽ നഷ്ടമാകും എന്നത് മുനമ്പം-അഴീക്കോട് പാലം അനുബന്ധ റോഡ് നിർമ്മാണ പദ്ധതിയുടെ ഒരു പരോക്ഷ ആഘാതമായി കാണേണ്ടതാണ്.

### 5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

കേരള സംസ്ഥാന സർക്കാർ സ്ഥാപനമായ മത്സ്യബന്ധന വകുപ്പിൻെറ ഓഫീസും അക്വാകൾച്ചർ യൂണിറ്റും പദ്ധതിബാധിതമാകുന്നുണ്ട്. ബോട്ട്ജെട്ടി, കമ്പി വേലി, 2 ചെറിയ കെട്ടിടങ്ങൾ, വർക്ക്ഷോപ്പിൻെറ ഒരു ഭാഗം, ഉപയോഗത്തിലല്ലാത്ത ജലസംഭരണി, 10 ടൺ കപ്പാസിറ്റിയുള്ള 13 മത്സ്യ ടാങ്കുകൾ, 60 ടൺ കപ്പാസിറ്റിയുള്ള 2 മത്സ്യടാങ്കുകൾ, ചെറുതോട്, അക്വാട്രെയിനിങ്ങ് സെൻററിലേയ്ക്കും ഹാച്ചറിയിലേയ്ക്കുമുള്ള റോഡ്, എന്നിവ പദ്ധതിബാധിതമാകുന്നു.

പദ്ധതിയ്ക്ക് വേണ്ടി ഏതാനും മരങ്ങളും മുറിച്ച് മാറ്റേണ്ടിവരും; അവയുടെ വിവരങ്ങൾ പട്ടിക 5.6.2.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.6.2.1 ൽ പദ്ധതിബാധിതമാകുന്ന വൃക്ഷങ്ങൾ**

| ക്രമ നമ്പർ | വൃക്ഷത്തിൻെറ പേര് | എണ്ണം |
|---|---|---|
| 1 | തെങ്ങ് | 23 |
| 2 | കവുങ്ങ് | 1 |
| 3 | മാവ് | 6 |
| 4 | മഹാഗണി | 12 |
| 5 | പ്ലാവ് | 2 |
| 6 | ശീമകൊന്ന/കൊന്ന | 3 |
| 7 | വാഴ | 5 |
| 8 | വാളൻപുളി | 1 |

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ; ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തി യിരിക്കുന്നത്.

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് 12 ആഘാതബാധിത കുടുംബങ്ങളിലാണ് സർവ്വേ നടത്തിയത്; ശേഷിച്ച 2 കുടുംബങ്ങൾ സർവ്വെയിൽ സഹകരിച്ചില്ല. സർവ്വെ ചെയ്ത 12 കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്നു വരുന്ന ഭാഗങ്ങളിൽ വിശകലനം ചെയ്യുന്നു.

**പട്ടിക 6.1.1. ആഘാതബാധിത വ്യക്തികളുടെ പ്രായവും ലിംഗഭേദവും**

| പ്രായം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 0-18 | 9 | 8 | 17 |
| 19-30 | 7 | 4 | 11 |
| 31-45 | 9 | 9 | 18 |
| 46-59 | 3 | 4 | 7 |
| 60ഉം അതിനു മുകളിലും | 3 | 5 | 8 |
| **ആകെ** | **31** | **30** | **61** |

പദ്ധതി ബാധിത ജനങ്ങളുടെ പ്രായഭേദമനുസരിച്ചുള്ള വിവരണമാണ് **പട്ടിക 6.1.1 ൽ** കൊടുത്തിരിക്കുന്നത്. 60 വയസ്സിനുമുകളിൽ പ്രായമുള്ള 8 വ്യക്തികളിൽ 3 പേർ പുരുഷന്മാരും 5 പേർ സ്ത്രീകളുമാണ്. 46 നും 59 നും ഇടയിൽ പ്രായമുള്ള 7 അംഗങ്ങളിൽ 4 സ്ത്രീകളും 6 പുരുഷന്മാരുമുണ്ട്. 31 നും 45 നും ഇടയിൽ പ്രയമുള്ള 9 പുരുഷന്മാരും 9 സ്ത്രീകളുമാണുള്ളത്. 7 പുരുഷന്മാരും 4 സ്ത്രീകളുമടങ്ങിയ 11 കുടുംബാംഗങ്ങൾ 19 നും 30 നും ഇടയിൽ പ്രായമുള്ളവരാണ്. 17 പേർ അതായത് 8 സ്ത്രീയും 9 പുരുഷ ന്മാരും 18 വയസ്സിൽ താഴെ പ്രായമുള്ളവരാണ്.

**പട്ടിക 6.1.2. മതാനുസൃതമായ വിഭാഗം**

| മതവിഭാഗം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|

| | | |
|---|---|---|
| മുസ്ലീം | 7 | 50.0 |
| ഹിന്ദു | 5 | 35.7 |
| വിവരം ലഭ്യമല്ല | 2 | 14.3 |
| **ആകെ** | **14** | **100** |

മതത്തിൻെറ അടിസ്ഥാനത്തിൽ കുടുംബങ്ങളെ തരം തിരിച്ചിരിക്കുന്നതിൻെറ വിവരങ്ങളാണ് പട്ടിക 6.1.2ൽ വെളിപ്പെടുത്തിയിരിക്കുന്നത്. ആഘാതബാധിതരാകുന്ന 14 കുടുംബങ്ങളിൽ 2 കുടുംബങ്ങളുടെ വിവരം ലഭ്യമല്ല. 7 കുടുംബങ്ങൾ (50%) മുസ്ലീം മതത്തിലും 5 കുടുംബങ്ങൾ (35.7%) ഹിന്ദുമത അനുയായികളുമാണ്.

**ചിത്രം 6.1.1. സാമൂഹ്യവിഭാഗം**




പദ്ധതിയുടെ ആഘാത ബാധിതരായ 72% കുടുംബങ്ങൾ മറ്റു പിന്നോക്ക വിഭാഗത്തിലും 14% കുടുംബങ്ങൾ പൊതു വിഭാഗത്തിലും ഉൾപ്പെടുന്നു എന്ന് ചിത്രം 6.1.1. കാണിക്കുന്നു.

**ചിത്രം 6.1.2. കുടുംബസംവിധാനം**




പദ്ധതി ബാധിതരായ കുടുംബങ്ങളിൽ ഭൂരിഭാഗവും അതായത് 10 കുടുംബങ്ങൾ അണുകുടുംബങ്ങളും 2 കുടുംബങ്ങൾ കൂട്ടുകുടുംബങ്ങളുമാണ്

**6.2. വരുമാനവും ദാരിദ്ര്യതലവും**

പൊതുവിതരണ സംവിധാനമനുസരിച്ച് 9 കുടുംബങ്ങൾക്ക് നീല റേഷൻ കാർഡും 2 കുടുംബങ്ങൾക്ക് പിങ്ക് കാർഡും 1 കുടുംബത്തിന് വെള്ള റേഷൻ കാർഡുമാണ് ലഭ്യമായിട്ടുള്ളത്.

**ചിത്രം 6.2.1 കുടുംബത്തിൻെറ മാസവരുമാനം**



പദ്ധതി ബാധിതമാകുന്ന 14 കുടുംബങ്ങളിൽ 6 കുടുംബങ്ങൾക്ക് 6000 രൂപയ്ക്കും 10000 രൂപയ്ക്കുമിടയിലും, 2 കുടുംബങ്ങൾക്ക് 11000 രൂപയ്ക്കും 15000 രൂപയ്ക്കുമിടയിലും മാസവരുമാനമുണ്ട്. 16000 രൂപയ്ക്കും 20000 രൂപയ്ക്കുമിടയിലും, 21000 രൂപയ്ക്കും 25000 രൂപയ്ക്കുമിടയിലും, 26000 രൂപയ്ക്കും 30000 രൂപയ്ക്കുമിടയിലും കൂടാതെ 1 ലക്ഷം രൂപയും മാസവരുമാനമുള്ള 1 കുടുംബം വീതം ഉണ്ട്. 2 കുടുംബങ്ങളുടെ വിവരം ലഭ്യമല്ല

**പട്ടിക 6.2.2 വരുമാനസമ്പാദകരുടെയും ആശ്രിതരുടെയും അനുപാതം**

| കുടുംബങ്ങളുടെ എണ്ണം | വരുമാനസമ്പാദകരുടെ എണ്ണം | ആശ്രിതരുടെ എണ്ണം |
|---|---|---|
| 4 | 1 | 4 |
| 2 | 1 | 2 |
| 2 | 1 | 3 |
| 1 | 1 | 5 |
| 1 | 1 | 7 |
| 1 | 2 | 4 |
| 1 | 3 | 4 |

പദ്ധതിബാധിതരാകുന്ന 61 വ്യക്തികളിൽ 15 പേർ വരുമാന സമ്പാദകരും 46 പേർ ആശ്രിതരുമാണ്. വരുമാനസമ്പാദകരുടെയും ആശ്രിതരുടെയും അനുപാതം 4 കുടുംബങ്ങളിൽ 1:4 ഉം 2 കുടുംബങ്ങളിൽ 1:2 ഉം മറ്റ് 2 കുടുംബങ്ങളിൽ 1:3 ഉം ആണ്. വരുമാനസമ്പാദകരുടെയും ആശ്രിതരുടെയും എണ്ണം 1:5, 1:7, 2:4, 3:4 എന്നീ അനുപാതങ്ങളിൽ പെടുന്ന ഓരോ കുടുംബം വീതമുണ്ട്

## 6.3. ദുർബലജനവിഭാഗം

പദ്ധതി ബാധിതമാകുന്ന കുടുംബങ്ങളിലെ അംഗങ്ങളിൽ 18 വയസ്സിൽ താഴെ പ്രായമുള്ള 17 കുട്ടികളും 60 വയസ്സിനുമുകളിൽ പ്രായമുള്ള 8 വയോജനങ്ങളുമുണ്ട്. വയോജനങ്ങളിൽ 3 പേർ വിധവകളും സ്ഥായിയായ അസുഖമുള്ളവരുമാണ്

## 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

ശ്രീ.ബാബു ജോർജ്, ശ്രീ.മോഹൻ ജോർജ്, ശ്രീ.ഹാഷിം എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലം ഒഴിച്ച് ഏറ്റെടുക്കപ്പെടുന്ന മറ്റ് സ്ഥലങ്ങളിലെല്ലാം പൊക്കാളി-ചെമ്മീൻ സമ്മിശ്ര കൃഷിയിടങ്ങളായിരുന്നു. കൂടാതെ 56 തെങ്ങുകളും ആഘാതബാധിത പ്രദേശത്തുണ്ട്

കുടുംബങ്ങൾക്ക് കൃഷിയിൽ നിന്നും തേങ്ങയിനത്തിലും ലഭിക്കുന്ന വരുമാനം നഷ്ടമാകും. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തുനിന്നും ലഭിച്ചിരുന്ന വരുമാനം തങ്ങളുടെ പ്രധാന വരുമാനമായിരുന്നു എന്ന് ഒരു കുടുംബം അഭിപ്രായപ്പെട്ടു.

## 6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പിഴല ദ്വീപിലെ ബഹുഭൂരിപക്ഷം ജനങ്ങളും പൊക്കാളി-ചെമ്മീൻ സമ്മിശ്ര കൃഷിയെയും മറ്റ് കാർഷിക മേഖലകളെയുമായിരുന്നു ഉപജീവനത്തിനായ് ആശ്രയിച്ചിരുന്നത്. പദ്ധതി ബാധിത പ്രദേശം കൃഷിയിടങ്ങളായിരുന്നതുകൊണ്ട് പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളെ പദ്ധതി വിപരീതമായ് ബാധിക്കുന്നുണ്ടെന്ന് കാണാവുന്നതാണ്. നിലവിൽ കാർഷിക പ്രവർത്ത നങ്ങൾക്ക് കുറവ് വന്നതിനാൽ ജനങ്ങൾ മറ്റ് തൊഴിൽ മേഖലകളിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പിഴല ദ്വീപിലെ ജനങ്ങളുടെ ഉപജീവനമാർഗം പ്രധാനമായും കൃഷിയായിരുന്നു എന്നതിനാലും പദ്ധതി പ്രദേശം കൃഷിയിടങ്ങളാണ് എന്നതിനാലും പ്രദേശത്തെ ഉപജീവനമാർഗം പദ്ധതിബാധിതമായിട്ടുണ്ട്.

### 6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി ബാധിത കുടുംബങ്ങളെല്ലാം അണുകുടുംബങ്ങളാണ്. പ്രദേശത്തെ സാമൂഹ്യ-സാംസ്കാരിക സംഘടനകൾ ഒന്നും പദ്ധതിബാധിതമാകുന്നില്ല

### 6.8 ഭരണ/രാഷ്ട്രീയ സംഘടനകൾ

കടമക്കുടി ഗ്രാമപഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള ഒരു കോൺക്രീറ്റ് റോഡ് ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നതൊഴിച്ചാൽ മറ്റ് ഭരണ/രാഷ്ട്രീയ സംഘട നകളുടെ വസ്തുക്കളൊന്നും പദ്ധതി ബാധിതമാകുന്നില്ല.

### 6.9. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും പദ്ധതിയുടെ ആഘാത ബാധിത മാകുന്നില്ല

### 6.10 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

ഒറ്റപ്പെടൽ അനുഭവിച്ചുകൊണ്ടിരുന്ന പിഴല ദ്വീപ് മൂലമ്പിള്ളി-പിഴല പാലവും അനുബന്ധ നിർമ്മാണങ്ങളും നടന്നുകൊണ്ടിരിക്കുന്നതിനാൽ നിലവിൽ വികസന ത്തിൻെറ പാതയിലാണ്. ആയതിനാൽ പദ്ധതി പ്രദേശത്തിൻെറ പരിണാമ പ്രകയയെ അനുകൂലമായ് ബാധിക്കുന്നുണ്ട്.

### 6.11 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി മൂലം ജനങ്ങളുടെ സഞ്ചാരവും പ്രദേശത്തെ ഗതാഗതവും സുഗമമാകും. ആയതിനാൽ പദ്ധതിമൂലം പ്രദേശത്തെ ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടും.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെ ടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരം പദ്ധതി ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനഃരധി വാസവും പുനഃസ്ഥാപനവും നൽകേണ്ടതാണ്.
- വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി ചതുപ്പ്നിലം, കണ്ടൽക്കാട്, നെൽകൃഷി ഉൾപ്പടെയുള്ള കൃഷിഭൂമി എന്നിവ ഏറ്റെടുക്കുന്നതിനുള്ള ചട്ടങ്ങളും നിയമങ്ങളും പാലിക്കുക
  - ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് രണ്ടാമതും വിധേയരാകുന്ന കുടുംബങ്ങൾക്ക് പരിഗണനന നൽകുക.
  - നഷ്ടപ്പെടുന്ന ഉപജീവനമാർഗം പുനഃസ്ഥാപിക്കുകയോ മതിയായ നഷ്ടപരി ഹാരം നൽകുകയോ ചെയ്യുക
  - ഏറ്റെടുക്കലിൽ ഉൾപ്പെടാത്തതും എന്നാൽ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ കാർഷികപ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതുമായ കുടുംബങ്ങളെ നഷ്ടപരി ഹാരത്തിനായി പരിഗണിക്കുക.

**7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ**

7.1 ൽ പറഞ്ഞിരിക്കുന്ന ന്യായമായ നഷ്ടപരിഹാരങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കുക

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയ തിയിൽ G.O(Ms) No.448/ 2017/RD നമ്പർ പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടിക്രമങ്ങൾ.

**7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

ആഘാതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മതിയായ തുക വകയിരുത്തിയിട്ടുണ്ട്

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ബാധകമല്ല

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമിഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായ് പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി

ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുക

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത
# പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

**8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശനിയമം 2013ൽ നിർവ്വചിക്കുന്ന തിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുനരധിവാസത്തിനും പുന:സ് ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കുവേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഉചിതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും നൽകുന്നത് വഴി നിർമ്മാണത്തിലിരിക്കുന്ന മൂലമ്പിള്ളി-പിഴല പാലത്തിനും പിഴല ദ്വീപിനു മിടയിൽ കണക്റ്റിവിറ്റി പാലം നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രത്യാഘാതം ലഘൂകരിക്കുവാൻ സാധിക്കുന്നതാണ്.

23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് 485/2015/RDപ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നയത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയ്ക്കു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന അധികാരികൾ ഉൾപ്പെടുന്നതാണ്.

* ജില്ലാ കളക്ടർ

* പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ

* ഭൂമി ഏറ്റെടുക്കൽ ഓഫീസർ

* സാമ്പത്തിക ഉദ്യോഗസ്ഥൻ

* സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ

പ്രതിനിധികൾ

(**കുറിപ്പ്** : പദ്ധതി പ്രദേശത്ത് ആരും തന്നെ താമസിക്കുന്നില്ലാത്തതിനാൽ പുനരധിവാസം ആവശ്യമായി വരുന്നില്ല.)

**8.2. ഗവൺമെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

## സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

ബാധകമല്ല

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

9.3. **സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10
# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ന്യായമായ നഷ്ടപരിഹാരം
- പുനഃസ്ഥാപന നടപടികൾ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം പ്രകാരം.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

### 11.1 നഷ്ടങ്ങളുടെ വിശകലനം

കടമക്കുടി വില്ലേജിലെ 282,83,284 റീസർവ്വേനമ്പറുകളിലെ 22.91 ആർ സ്ഥലമാണ് പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്നത്. 9 വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളും കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കോൺക്രീറ്റ് റോഡിന്റെ ഒരു ഭാഗവുമാണ് ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് റോഡ് ഒഴിച്ച് മറ്റ് സ്ഥലങ്ങളെല്ലാം നിലം വിഭാഗത്തിൽ പെടുന്നു. ശ്രീ.ബാബു ജോർജ്, ശ്രീ.മോഹൻ ജോർജ്, ശ്രീ.ഹാഷിം എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലം ഒഴിച്ച് ഏറ്റെടുക്കപ്പെടുന്ന മറ്റ് സ്ഥലങ്ങളിലെല്ലാം പൊക്കാളി-ചമ്മീൻ സമ്മിശ്ര കൃഷി നടന്നിരുന്ന സ്ഥലങ്ങളാണ്. കൂടാതെ പദ്ധതിപ്രദേശത്തിനടുത്ത് ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതാനും കഷിയിടങ്ങളും പദ്ധതി ആഘാതബാധിതമാകുന്നുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിലുള്ള 56 തെങ്ങുകളും വെട്ടിനീക്കേണ്ടിവരും. ശ്രീ.ഫ്രാൻസിസിന്റെ ഉടമസ്ഥതയിലുള്ള ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ കൃഷി കുടുംബത്തിന്റെ പ്രധാന വരുമാനമാർഗമായിരുന്നു എന്നും അതിനാൽ തങ്ങളുടെ ഉപജീവനമാർഗം നഷ്ടപ്പെട്ടു എന്നും പ്രസ്തുത കുടുംബം പങ്ക് വെച്ചു.

### 11.2 നേട്ടങ്ങളുടെ വിശകലനം

മൂലംമ്പിള്ളി പിഴല പാലത്തിന്റെയും അനുബന്ധ റോഡുകളുടെയും നിർമ്മാണം മൂലംമ്പിള്ളി-ചാത്തനാട് റോഡ് പദ്ധതിയുടെ ആദ്യഘട്ടമാണ്. മൂലമ്പിള്ളി- ചാത്തനാട് റോഡ് ഏഴിക്കര, കടമക്കുടി പഞ്ചായത്തുകളെ മൂലമ്പിള്ളിയിൽ വല്ലാർപടം ദേശീയപാത കണക്റ്റിവിറ്റി റോഡുമായി ബന്ധിപ്പിക്കുന്നു. പ്രസ്തുത റോഡിന്റെ നിർമ്മാണം

പൂർത്തിയായാൽ വേമ്പനാട്ട് കായലിനു ചുറ്റുമായി തീർത്തും ഒറ്റപ്പെട്ടു കിടക്കുന്ന കടമക്കുടി പഞ്ചായത്തിലെ മൂലമ്പിള്ളി, പിഴല, കടമക്കുടി ദ്വീപുകളെയും ഏഴിക്കര പഞ്ചായത്തിലെ ചാത്തനാട് ദ്വീപിനെയും തമ്മിൽ തമ്മിലും പ്രധാന പ്രദേശങ്ങളുമായും ബന്ധപ്പെടുത്തും. ഈ ദ്വീപിലെ ജനങ്ങൾ ചികിത്സാ സൗകര്യങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ, തൊഴിൽ തുട ങ്ങിയ പ്രധാന ആവശ്യങ്ങൾക്കായി അടുത്ത പ്രദേശങ്ങളെയാണ് ആശ്രയി ക്കുന്നത്. പ്രസ്തുത റോഡ് നിർമ്മാണം ഈ പ്രദേശങ്ങളുമായി ബന്ധപ്പെടുവാൻ സൗകര്യം എളുപ്പമാക്കും. ഈ പഞ്ചായത്തുകളുടെ സാമൂഹ്യ-സാമ്പത്തിക വികസ നത്തിനും ഏതെങ്കിലും വിധത്തിലുണ്ടായേക്കാവുന്ന പ്രകൃതിക്ഷോഭങ്ങൾ കൈകാര്യം ചെയ്യുന്നതിനും ദേശീയ പാതയുമായി ഒരു ബന്ധം ഉണ്ടാകേണ്ടത് വളരെ ആവശ്യ മാണ്. കൂടാതെ പ്രസ്തുത റോഡ് വടക്കൻപറവൂരിൽ ദേശീയ പാത 17 നെയും ICTT റോഡിനേയും കൂട്ടി യോജിപ്പിക്കുകയും തൻമൂലം പറവൂരിനും എറണാകുളത്തിനും ഇടയിലുള്ള യാത്രാ സമയം 30 മിനിറ്റായി കുറയ്ക്കുകയും ചെയ്യും. ICTT റോഡിൽനിന്നും പറവൂർ ദേശീയപാത 17 ലേയ്ക്കെത്തുവാനുള്ള ദൂരം കുറഞ്ഞ പാതയായിരിക്കും പ്രസ്തുത റോഡ്.

മൂലമ്പിള്ളി - പിഴല പാലത്തിൻെറ നിർമ്മാണം ഏകദേശം പൂർത്തിയായ് കഴിഞ്ഞു. മൂലമ്പിള്ളി-പിഴല പാലത്തിൽ, പിഴല ഭാഗത്ത് ഒരു ട്രാഫിക് ഐലൻറ് നിർമ്മിച്ചി ട്ടുണ്ട്. അവിടെ നിന്നും ഒരു കണക്റ്റിവിറ്റി പാലം നിർമ്മിച്ച് മൂലമ്പിള്ളി -പിഴല പാലത്തെ പിഴല ദ്വീപുമായ് ബന്ധിപ്പിക്കണം. മൂലമ്പിള്ളി-പിഴല പാലത്തിലെ ട്രാഫിക് ഐലൻറിനും പിഴല ദ്വീപിനുമിടയിൽ കണക്റ്റിവിറ്റി പാലം നിർമ്മിക്കുന്ന തിനായാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ. പ്രസ്തുത കണക്റ്റിവിറ്റി പാലത്തിൻെറയും അനുബന്ധ റോഡുകളുടെയും നിർമ്മാണം നടത്തിയാലേ മൂലമ്പിള്ളി-പിഴല പാലത്തിൻെറ നിർമ്മാണം പൂർത്തികരിക്കുവാനാകൂ.

പദ്ധതി പ്രദേശത്ത് ആരും താമസമില്ലാത്തതിനാൽ പുനഃരധിവാസം ആവശ്യമായി വരുന്നില്ല.

നിർദ്ദിഷ്ട പദ്ധതിയായ മൂലമ്പിള്ളി-പിഴല പാലത്തിന് കണക്റ്റിവിറ്റി പാലം നിർമ്മിക്കുക എന്നത് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാ ര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ 30-ാം നമ്പർ ആക്ടിലെ സെക്ഷൻ 2(1)ബി(i) പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിൻെറ നിർവ്വചനത്തിൽ വരുന്നതാണ്.

## 11.3. ശുപാർശകൾ

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട് മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കു ന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരം പദ്ധതി ആഘാത

ബാധിതമാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനഃസ് ഥാപനവും നൽകേണ്ടതാണ്.

- വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി ചതുപ്പ്നിലം, കണ്ടൽക്കാട്, നെൽകൃഷി ഉൾപ്പടെയുള്ള കൃഷിഭൂമി എന്നിവ ഏറ്റെടുക്കുന്നതിനുള്ള ചട്ടങ്ങളും നിയമങ്ങളും പാലിക്കുക
- ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് രണ്ടാമതും വിധേയരാകുന്ന കുടുംബ ങ്ങൾക്ക് പരിഗണന നൽകുക.
- നഷ്ടപ്പെടുന്ന ഉപജീവനമാർഗം പുനസ്ഥാപിക്കുകയോ മതിയായ നഷ്ടപരി ഹാരം നൽകുകയോ ചെയ്യുക
- ഏറ്റെടുക്കലിൽ ഉൾപ്പെടാത്തതും എന്നാൽ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ കാർഷികപ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതുമായ കുടുംബങ്ങളെ നഷ്ടപരി ഹാരത്തിനായി പരിഗണിക്കുക.